LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളെപ്പോലെതന്നെ പട്ടികജാതി വകുപ്പിന്റെ കീഴിൽ പല ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. പൊന്നാനിയിൽ ധാരാളം സ്ഥലമുള്ളിടത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഐടിഐ. വളരെ നാശോന്മുഖമായ അവസ്ഥയിലാണ്. തൊഴിൽ വകുപ്പും പട്ടികജാതി വകുപ്പുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെക്കൂടി ഉദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, തൊഴിൽ വകുപ്പും പട്ടികജാതി വകുപ്പുംകൂടി യോജിച്ചുകൊണ്ട് അതിനെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്. പട്ടികജാതി വകുപ്പിന് കീഴിലുള്ള ഈ ഐ.ടി.ഐ.കൾ ധാരാളം സ്ഥലമുള്ളവയാണ്. മാത്രമല്ല ആവശ്യത്തിനുള്ള ഫണ്ട് എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ട്. ഇത് എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ച് ഞങ്ങൾ കൂട്ടായി ഒരാലോചന നടത്തുകയുണ്ടായി. ജോയിന്റ് മാനേജ്മെന്റിലേക്ക് പോകുമ്പോൾ ചില തടസ്സങ്ങൾ സ്വാഭാവികമായും ഉയർന്നുവരും. അത് എങ്ങനെ തരണം ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഏതാണ്ട് 44 ഐ.ടി.ഐ.-കൾ നിലവിലുണ്ട്. പക്ഷെ ഇവിടെ സൂചിപ്പിച്ചതുപോലെ അത് മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിലും പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിലുമൊക്കെ ന്യൂജനറേഷൻ കോഴ്സുകൾ വേണമെന്നുള്ള ആവശ്യം പലഭാഗത്തുനിന്നും വന്നിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ അത് സംബന്ധിച്ച് തൊഴിൽ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിക്കഴിഞ്ഞു. എത്രയും പെട്ടെന്ന് ഇത്തരം സെന്ററുകൾ സ്ട്രെങ്തൻ ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *632

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനം

2 (*632) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എ. കെ. ബാലൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷവും ഈ വർഷവും നീക്കിവച്ചിരുന്ന തുകയെത്രയെന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞ വർഷം നീക്കിവച്ചിരുന്ന തുകയുടെ പകുതിയിൽ താഴെ മാത്രം ചെലവഴിക്കാനിടയായ സാഹചര്യം വിശദമാക്കുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ,

(എ) പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളായ അരുന്ധതിയാർ/ചക്ലിയൻ, നായാടി, വേടൻ, വേട്ടുവൻ, കള്ളാടി എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി ഒരു ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിന് 2.50 ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് 2 ലക്ഷം രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി 4.50 ലക്ഷം രൂപ അനുവദിച്ചുവരുന്നു. ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് നൽകിവരുന്ന ധനസഹായം 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങൾക്ക് നൽകിവരുന്ന ധനസഹായവും ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ കുടിവെള്ളം, റോഡ്, വൈദ്യുതീകരണം എന്നിവയ്ക്കും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ തുടങ്ങി വകുപ്പ് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങളും ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) 2013-14 സാമ്പത്തിക വർഷം 1500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടില്ല. പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി 2013-14 വർഷം വകയിരുത്തിയിരുന്ന തുക 1500 ലക്ഷം രൂപയായിരുന്നു. എന്നാൽ ഈ പദ്ധതിക്കായി 2013-14-ൽ 1504.48 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരെ പുരോഗതിയിലേക്ക് കൊണ്ടുവരണമെങ്കിൽ അവരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. അത് ഭൂമിയുടെയും പാർപ്പിടത്തിന്റെയും തൊഴിലിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രശ്നമാണ്. ആ പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൊണ്ടുവരാൻ കഴിയൂ. പട്ടികജാതി വിഭാഗങ്ങൾക്കുള്ള പഞ്ചായത്തുകളിലെ പദ്ധതിവിഹിതത്തിന്റെ 80 ശതമാനം ചെലവഴിക്കണമെന്ന നിബന്ധന മുമ്പുണ്ടായിരുന്നു. ഇപ്പോൾ അത് 60 ശതമാനമായി പുതുക്കിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഉത്പാദന മേഖലയിൽ ഊന്നൽ കുറഞ്ഞതുപോലെ പട്ടികജാതി മേഖലയിലും പഞ്ചായത്തുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നതർ കുറഞ്ഞിരിക്കുകയാണ്. അതുപോലെ മറ്റ് വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ ലഭിക്കുന്ന ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ് തുടങ്ങിയ ഗ്രാന്റുകൾക്ക് തത്തുല്യമായ വർദ്ധനവ് വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കുകൂടി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ഇപ്പോൾ കുടിശ്ശികയുണ്ട്. ഇവർക്ക് ഭൂമിയും വീടും വാങ്ങുന്നതിനുള്ള പദ്ധതിയുണ്ട്. അതിന് എ.എസ്. ലഭിക്കാത്തതു കൊണ്ടാണ് അത് നടപ്പാക്കാൻ കഴിയാത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ ഐ.ടി.ഐ., ഐ.ടി.സി., ബി-ടെക്, ഡിഗ്രി എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികളുടെ അപ്രന്റീസ്ഷിപ്പിന് സ്റ്റൈപ്പന്റ് നൽകാത്ത അവസ്ഥയാണ്. തൃശ്ശൂർ ജില്ലയിൽ മാത്രം ചികിത്സാ സഹായം അനുവദിച്ചതിന് ഒരു കോടിയിലധികം രൂപ കുടിശ്ശികയുണ്ട്. ഇത്തരം കാര്യങ്ങൾക്ക് പരിഹാരം കാണാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഏതാണ്ട് ഏഴ് ചോദ്യമാണിവിടെ ചോദിച്ചത്.

മി. സ്പീക്കർ : യഥാർത്ഥത്തിൽ ഒരു ചോദ്യത്തിന് മാത്രമേ അവകാശമുള്ളൂ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. ഇത് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന ഏതാനും വിഭാഗങ്ങളുടെ കാര്യമാണ്. ഇപ്പോൾ പട്ടികജാതി വിഭാഗത്തിന് പൊതുവായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും വിദ്യാഭ്യാസത്തിനുമൊക്കെ കൂടുതൽ സഹായം നൽകിവരുന്നുണ്ട്. അവരുടെ ഏത് കാര്യങ്ങളായാലും അതിന് വളരെ പ്രാധാന്യം നൽകിക്കൊണ്ട് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി ഗവണ്മെന്റ് സ്വീകരിച്ചുവരുന്നു.

ശ്രീ. ബി. ഡി. ദേവസ്സി : സർ, ചരിത്രപരമായ കാരണങ്ങളാലും സാമൂഹ്യപരമായ കാരണങ്ങളാലും പിന്തള്ളപ്പെട്ടുപോയ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയാണ് ഭരണഘടനയിൽ തൊഴിലിനും വിദ്യാഭ്യാസത്തിനുമൊക്കെ സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇന്ന് വ്യാപകമായ തോതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കുകയാണ്. ഏറ്റവും കൂടുതൽ തൊഴിൽ കൊടുക്കുന്ന ഇന്ത്യൻ റയിൽവേ സ്വകാര്യവൽക്കരണത്തിലേക്ക് പോവുകയാണ്. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ മത്സരിച്ച് സ്വകാര്യവൽക്കരണം നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ തകരുന്നുവെന്ന് മാത്രമല്ല റിസർവ്വേഷൻ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗങ്ങൾക്ക് കിട്ടേണ്ട തൊഴിലും ഇല്ലാതാകുന്നു. ഇങ്ങനെ തൊഴിൽ നഷ്ടപ്പെടുന്നതിന്റെ ഭാഗമായി സ്വകാര്യമേഖലയിൽക്കൂടി സംവരണം ഏർപ്പെടുത്തുന്നകാര്യം ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ; അങ്ങനെ അവരെ ഉയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, മാറിവരുന്ന സാഹചര്യത്തിൽ ഗവണ്മെന്റ് തലങ്ങളിൽ ജോലി ലഭിക്കുന്നത് വളരെ പരിമിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മേഖലയുടെ വ്യാപ്തി കൂടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ എയ്ഡഡ് സെക്ടറിൽപ്പോലും ഇന്ന് റിസർവ്വേഷനില്ല. ഇത്തരം കാര്യങ്ങളൊക്കെ പൊതുവായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്. ഇന്നത്തെ സാഹചര്യത്തിൽ അത്തരം കാര്യങ്ങൾ എങ്ങനെയാണ് അതിജീവിക്കാൻ കഴിയുകയെന്നത് ഒരു പൊതു ചർച്ചയിലൂടെ തീരുമാനമെടുത്ത് മുന്നോട്ടുപോകേണ്ട കാര്യമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിഞ്ഞ സാമ്പത്തികവർഷം 15 കോടി രൂപ യായിരുന്നു നീക്കിവച്ചിരുന്നത്. അത് ഈ സാമ്പത്തികവർഷം 10 കോടി രൂപയാക്കി ചുരുക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരേ ആൻസറിൽതന്നെ വൈരുദ്ധ്യമുള്ള മറുപടി തരുമ്പോൾ പ്രത്യേകിച്ച് സൂക്ഷിക്കേണ്ടതുണ്ട്. ഇതേ ചോദ്യംതന്നെ ഞാൻ 18-6-2014-ന് അങ്ങയോട് ചോദിച്ചു. എത്ര തുകയാണ് നീക്കിവച്ചതെന്നായിരുന്നു ചോദ്യം. ഉത്തരം (എ) ബഡ്ജറ്റിൽ നീക്കിവച്ച തുക 15 കോടി രൂപ. ചെലവഴിച്ചത് 15 കോടി 4 ലക്ഷം രൂപ. അതേപേജിൽ ഉത്തരം (സി)-ൽ എത്രയാണ് ചെലവ്, 3 കോടി 40 ലക്ഷം രൂപ. ഇതിന്റെ ഭൗതിക പുരോഗതിയെന്നുപറയുന്നത് 443 പേർക്ക് ഭൂമി, 498 പേർക്ക് വീട് എന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്ഥലം വാങ്ങുന്നതിന് രണ്ടരലക്ഷം രൂപയും വീടിന് രണ്ട് ലക്ഷം രൂപയുമെന്നാണ്. അങ്ങനെയാണെങ്കിൽ നാലരലക്ഷം രൂപവേണം. അപ്പോൾ 941 പേർക്ക് നാലരലക്ഷം രൂപ വീതം കൊടുക്കണമെങ്കിൽ വലിയൊരു തുക വേണ്ടിവരും. എന്നാൽ 3 കോടി 40 ലക്ഷം രൂപയേ ചെലവഴിച്ചിട്ടുള്ളൂ വെന്നും, ഭൗതിക പുരോഗതി 100 ശതമാനമാണെന്നും അങ്ങ് തന്നെ പറയുക യാണ്. ഇതേ ചോദ്യംതന്നെ സബ്ജക്ട് കമ്മിറ്റിയിൽ വന്ന സമയത്ത് 6 കോടി രൂപ ചെലവഴിച്ചു എന്നുപറഞ്ഞു. ഇത് സപ്ലിമെന്ററി ചോദ്യമല്ല. എന്റെ മെയിൻ ചോദ്യം തന്നെയാണ്. കഴിഞ്ഞ വർഷം ഭൗതിക പുരോഗതി 941 ആണ്. അതിന് നിങ്ങൾക്ക് 21 കോടി 3 ലക്ഷം രൂപ വേണം. 15 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. നിങ്ങൾ ചെലവഴിച്ചത് 3 കോടി 40 ലക്ഷം രൂപയാണ്. ഇനിയും ഈ തുക വർദ്ധിപ്പിക്കാനാണ് പോകുന്നത്. ഈ വർഷം 15 കോടി രൂപയ്ക്കുപകരം 10 കോടി രൂപയേ ബഡ്ജറ്റിലുള്ളൂ. എങ്ങനെയാണ് ഈ ഭൗതിക പുരോഗതി അച്ചീവ് ചെയ്യാൻ പോകുന്നത്? എന്റെ കയ്യിലിരിക്കുന്ന ആൻസർ ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകാം. എന്തുകൊണ്ടാണ് ഉദ്യോഗസ്ഥർ ഈ രൂപത്തിൽ വൈരുദ്ധ്യമുള്ള ആൻസർ തയ്യാറാക്കിയത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം പരിശോധിക്കും. ചോദ്യത്തിന്റെ ഉത്തരമാണ് അദ്ദേഹം വായിച്ചത്. അത് അദ്ദേഹം മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ചോദ്യം എന്തായിരുന്നുവെന്നുള്ളത് നോക്കിയതിനുശേഷം തീർച്ചയായും പരിശോധിക്കുന്നതാണ്.

സ്പീക്കർ : മേശപ്പുറത്തുവയ്ക്കാൻ പേപ്പർ അനുവദിച്ചിട്ടില്ല. മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ: സർ, തീർച്ചയായും അത് പരിശോധിക്കുന്നതാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ 15 കോടി രൂപയാണ് കഴിഞ്ഞവർഷം നീക്കിവച്ചിരുന്നത്. ആ 15 കോടി രൂപയും ചെലവഴിച്ചു കഴിഞ്ഞു. ഈ വർഷം 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനകത്ത് വരുന്ന സമുദായങ്ങൾ നായാടി, വേടൻ, കള്ളാടി, അരുന്ധതിയാർ ചക്ലിയൻ, വേട്ടുവൻ എന്നിവയാണ്. വേട്ടുവൻ വിഭാഗം യഥാർത്ഥത്തിൽ അതിദുർബല വിഭാഗത്തിൽ വരുന്നതല്ല. അത് മറ്റേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വർഷംതന്നെ അത് മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നു. അത് മാറുന്ന സാഹചര്യത്തിൽ ഇത്രയും ഫണ്ട് വേണ്ടിവരില്ലെന്നുള്ളതുകൊണ്ടാണ് 10 കോടി രൂപ വകയിരുത്തിയത്. 10 കോടി രൂപയിൽ കൂടുതൽ ചെലവ് വന്നു കഴിഞ്ഞാൽ റീ-അപ്രോപ്രിയേഷനിലൂടെ പണം കണ്ടെത്തി കോർപ്പസ് ഫണ്ടിൽനിന്ന് വിനിയോഗിക്കാൻ കഴിയും. അതുകൊണ്ട് 10 കോടി രൂപയേ നീക്കിവച്ചുള്ളൂ എന്നത് ഒരു പ്രയാസമുള്ള കാര്യമേയല്ല. കഴിഞ്ഞവർഷവും റീ-അപ്രോപ്രിയേഷൻ നടത്തി കോർപ്പസ് ഫണ്ടിൽനിന്ന് തുകയെടുത്തിട്ടുണ്ട്. അതിന് ഗവണ്മെന്റിന്റെ അഡീഷണൽ അലോക്കേഷൻപോലും വേണ്ട. നമുക്ക് കോർപ്പസ് ഫണ്ടിൽനിന്ന് എടുക്കാവുന്നതേയുള്ളൂ. അങ്ങ് ഇവിടെ സൂചിപ്പിച്ച ഭൗതിക നേട്ടം എന്താണെന്ന് അങ്ങേയ്ക്കറിയാവുന്നതാണ്. പക്ഷെ വീടിന്റെ കാര്യത്തിൽ പലപ്പോഴും സ്പിൽ ഓവറായി വരുന്നുണ്ട്. അപ്പോൾ സ്വാഭാവികമായും ഭൗതികനേട്ടം വരും. അതുകൊണ്ട് അങ്ങ് ഇവിടെ സൂചിപ്പിച്ച ചോദ്യവുമായി ബന്ധപ്പെട്ട കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. മറ്റ് കാര്യങ്ങളിലൊന്നും യാതൊരു മാറ്റവുമില്ല. ഗവണ്മെന്റ് വളരെ വ്യക്തമായി ചെയ്യുന്ന കാര്യങ്ങളുടെ ഉത്തരം തന്നെയാണ് അങ്ങേയ്ക്ക് തന്നിട്ടുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ പേപ്പർ മേശപ്പുറത്ത് വയ്ക്കുകയാണ്.

മി. സ്പീക്കർ: മേശപ്പുറത്തുവയ്ക്കുന്നത് ചെയർ പരിശോധിച്ചിട്ടേ അനുവദിക്കുകയുള്ളൂ. ഒരു പേപ്പർ വയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. അത് ചെയർ പരിശോധിച്ച് വയ്ക്കേണ്ടതാണോയെന്ന് തീരുമാനിച്ചതിനുശേഷം മാത്രമേ വയ്ക്കുകയുള്ളൂ. നേരത്തെ പറഞ്ഞ ആൻസറും ഈ ആൻസറും ചെയർ വെരിഫൈ ചെയ്തിട്ട് മേശപ്പുറത്ത് വയ്ക്കേണ്ടതാണെങ്കിൽ വയ്ക്കാം.

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി സംസ്ഥാനത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കി മുന്നോട്ടുപോകുന്നു. കേന്ദ്ര ഫണ്ടിന്റെയും സംസ്ഥാന ഫണ്ടിന്റെയും വിനിയോഗവും നടത്തിപ്പും സംബന്ധിച്ച് പഠനം നടത്തുന്നതിനുവേണ്ടി ദേശീയ പട്ടികജാതി കമ്മീഷൻ അംഗം ബഹുമാന്യയായ കമലമ്മ കഴിഞ്ഞ വ്യാഴം, വെള്ളി ദിവസങ്ങളിൽ തലസ്ഥാനത്തുണ്ടായിരുന്നു. പട്ടികജാതി കമ്മീഷൻ അംഗം കേരളത്തിലെത്തിയപ്പോൾ നമ്മൾ വേണ്ടത്ര നീതി കാണിച്ചിട്ടില്ലെന്നും അവർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടില്ലെന്നുമുള്ള വിഷയം വളരെ ഗൗരവമായി ഉയർന്നുവന്നിരിക്കുന്നു. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്ങ് അതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയെന്ന് പറഞ്ഞുവെങ്കിലും സംസ്ഥാനത്തെ ഉന്നത പോലീസ്

അധികാരിയായ ഡി.ജി.പി. മുതലുള്ളവർ, വിവിധ ഡിപ്പാർട്ടുമെന്റുകൾവഴി വിവിധ പദ്ധതികൾ നടപ്പാക്കുന്ന ഡയറക്ടർമാർ, സെക്രട്ടറിമാർ എന്നിവരടങ്ങുന്ന ഉന്നത ഉദ്യോഗസ്ഥൻമാർ ആ യോഗത്തിൽ പങ്കെടുക്കുകയോ വേണ്ട വിവരങ്ങൾ നൽകുകയോ ചെയ്തില്ലെന്നാണ് മാധ്യമങ്ങളിൽ വാർത്ത വന്നിരിക്കുന്നത്. വ്യാഴാഴ്ചത്തെ യോഗം ഫലപ്രദമല്ലെന്നുകണ്ട് യോഗം അടുത്ത ദിവസത്തേക്കുകൂടി നീട്ടിയിട്ടുപോലും വിവരങ്ങൾ അവർക്ക് നൽകിയില്ലെന്ന ഗൗരവമായ വിഷയമുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേരിയ തോതിലെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന സംവരണം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയോടുകൂടി അസ്ഥാനത്തായിരിക്കുന്നു. അത് പുനഃസ്ഥാപിച്ചുകിട്ടാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പുതിയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ പൂർണ്ണമായും അൺഎയ്ഡഡായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിന് എതിരായ ഒരു വിധി ഉണ്ടായിട്ടുണ്ട്. തീർത്തും നിർഭാഗ്യകരമായ കാര്യമാണത്. അതിനെതിരായി റിവ്യൂ ഹർജി കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, എസ്.സി/എസ്.റ്റി. വിഭാഗങ്ങളുടെ ഉന്നമനത്തിന് സംവരണം ഉറപ്പാക്കുകയെന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾത്തന്നെ ഒരു നിസ്സഹായത അദ്ദേഹത്തിന്റെ ഭാഷയിലുണ്ടായോ എന്നെനിക്ക് സംശയം തോന്നി. ഭൂമിയും വീടും പട്ടികജാതിക്കാരന് സ്വപ്നം മാത്രമാണ്. ഉന്നമനത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുകയും സംവാദങ്ങൾ നടത്തുകയും ചെയ്യുന്നു എന്നല്ലാതെ യാഥാർത്ഥ്യം മനസ്സിലാക്കി അതിനുവേണ്ടി പ്രവർത്തിക്കാനും പ്രതികരിക്കാനും നമുക്ക് കഴിയുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് വീട് നിർമ്മിക്കുന്നതിന് 100 ശതമാനം ധനസഹായം നൽകണമെന്ന് നിയമമുണ്ട്. എന്നാൽ അത് നടപ്പാക്കാൻ നമുക്ക് കഴിയുന്നില്ല. സംവരണം ഉറപ്പാക്കണമെന്ന് നമ്മൾ ആവശ്യപ്പെടാറുണ്ട്. എയ്ഡഡ് മേഖലയിൽ എസ്.സി/എസ്.റ്റി.-ക്ക് അവകാശപ്പെട്ടത് തന്നെ ഇപ്പോൾ കിട്ടുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സഹകരണ മേഖലയിൽ 10 ശതമാനം സംവരണമുണ്ടെന്ന് സർക്കുലർ ഇറക്കുന്നു. എന്നാൽ സർക്കുലർ പാലിക്കപ്പെടുന്നില്ല. ഇത് മോണിറ്റർ ചെയ്യാനും നിയമങ്ങൾ പാലിക്കപ്പെടാനും നിസ്സഹായത മാറ്റാനും നിർബന്ധമായും അടിയന്തര നടപടികൾ കൈക്കൊള്ളുമോ ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, സംവരണവുമായി ബന്ധപ്പെട്ട കാര്യം ഞാൻ സൂചിപ്പിച്ചു, യാതൊരു നിസ്സഹായത അവസ്ഥയുമില്ല. ശ്രീ. എ. കെ. ആന്റണി പി.എസ്.സി.-യിൽ പ്രത്യേക പരീക്ഷാ സംവിധാനം കൊണ്ടുവന്നതുകൊണ്ടാണ് എസ്.സി വിഭാഗങ്ങൾക്ക് സഹകരണ മേഖലയിൽ സീറ്റ് സംവരണം നൽകുന്നത്. അത്തരമൊരു തീരുമാനമെടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. സഹകരണ മേഖലയിൽ വലിയ സ്വാധീനമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷം ഭരിക്കുന്ന സമയത്തുപോലും അങ്ങനെയൊരു തീരുമാനം എടുത്തിരുന്നില്ല. എയ്ഡഡ് സ്കൂളുകളിലെ പ്രശ്നവും അതുപോലെതന്നെയാണ്. എയ്ഡഡ് മേഖലയിൽ ആയിരക്കണക്കിന് നിയമനങ്ങൾ നടക്കുന്നതിൽ ഒരു ശതമാനം പോലും ഈ വിഭാഗത്തിനില്ലായെന്നത് ശരിയാണ്. പക്ഷെ അത് അപ്പുറത്തിരിക്കുമ്പോൾ മാത്രം പറഞ്ഞാൽപോരാ. പൊതുവായി എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിച്ച് നടപടി എടുക്കേണ്ടതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഡിമാന്റ് ചർച്ചാ വേളയിൽ 'വാൽസല്യ നിധി' പദ്ധതിയെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരുലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പെൺമക്കളുടെ പേരിൽ അമ്പതിനായിരം രൂപ നിക്ഷേപിക്കുന്ന പദ്ധതിയാണിത്. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ അവരുടെ വിദ്യാഭ്യാസ ആവശ്യത്തിനോ വിവാഹ ആവശ്യത്തിനോ അങ്ങനെയുള്ള കാര്യങ്ങൾക്കോ വേണ്ടി വിനിയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് അത് രൂപപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. വി. ശശി: ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള കോർപ്പസ് ഫണ്ട് ജില്ലാ പട്ടികജാതി വികസന സമിതി വഴി ചെലവഴിക്കേണ്ടതാണെന്നും 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ കമ്മിറ്റിക്ക് അംഗീകാരം നൽകാവുന്നതാണെന്നും ബഡ്ജറ്റ് റൈറ്റ്അപ്പിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ജില്ലാതലത്തിൽ ഫണ്ട് അനുവദിക്കുന്നതേയില്ല. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് പരിശോധിച്ച് ജില്ലാ വർക്കിംഗ് ഗ്രൂപ്പിൽക്കൂടി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, തീർച്ചയായും അക്കാര്യത്തിൽ വളരെ ഗൗരവമായ സമീപനം ഗവൺമെന്റ് സ്വീകരിക്കും. മുൻപ് ഈ രീതി യായിരുന്നു. എന്നാൽ പലപ്പോഴും കമ്മിറ്റി കൂടി സമയബന്ധിതമായി തീരുമാനങ്ങളെടുക്കാത്തതിനാൽ പണം വേണ്ട രീതിയിൽ വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് അതിൽ നിന്ന് ഗവൺമെന്റ് പുറകോട്ട് പോയത്. സമിതിയുടെ നിർദ്ദേശം സർക്കാരിലേക്കയച്ച് ഗവൺമെന്റ് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. അതിന് വ്യത്യസ്തമായി ഈ വർഷംതന്നെ ജില്ലാ തലങ്ങളിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. കെ. എം. ഷാജി: സർ, ആദിവാസി വിഭാഗങ്ങളിൽ നിന്ന് ഒരു വിഭാഗത്തെ തെരഞ്ഞെടുത്ത് അവരെ സമുദ്ധരിക്കാനുള്ള ശ്രമം ശ്രദ്ധേയമാണ്. ഇപ്പോൾ കുറിച്ച്യർ വിഭാഗത്തിൽ മിനിമം ഗ്രാജുവേഷനെങ്കിലും ഇല്ലാത്ത ആൾക്കാരില്ല. എന്നാൽ പണിയർ വിഭാഗത്തിൽ സ്കൂളിന്റെ പടിപോലും കടക്കാത്ത നിരവധി ആളുകൾ ഇപ്പോഴുമുണ്ട്. വയനാട്ടിൽ ഇത് ധാരാളമായി കാണുന്നുണ്ട്. അവരെക്കൂടി സമുദ്ധരിക്കാനുള്ള പാക്കേജ് ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): പണിയർ എസ്.റ്റി വിഭാഗമാണ്. 14-ാം ധനകാര്യ കമ്മീഷനിൽ പ്രത്യേക പ്രൊപ്പോസൽ അവർക്കുവേണ്ടിയാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. പി. തിലോത്തമൻ: സർ, പട്ടികജാതി വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികളിലും അതുപോലുള്ള കേന്ദ്രങ്ങളിലും വഴിയുടേയും കുടിവെള്ളത്തിന്റെയും പ്രശ്നങ്ങൾ രൂക്ഷമായി നിലനിൽക്കുകയാണ്. അത്തരം അടിസ്ഥാനപരമായ പ്രശ്നങ്ങളിൽപ്പോലും നമുക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല. പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്താൽ കുടിവെള്ളം ലഭ്യമാകുന്ന ഗുണഭോക്താക്കൾ പദ്ധതി നടപ്പാക്കിയശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് ഡിപ്പാർട്ടുമെന്റിന് സർട്ടിഫിക്കറ്റ് വാങ്ങിക്കൊടുത്താൽ മാത്രമേ സബ്സിഡി തുക ലഭിക്കൂവെന്നാണ് പഞ്ചായത്തുകൾക്ക് നൽകിയിരിക്കുന്ന ഡയറക്ഷനിൽ പറയുന്നത്. അത്തരം സങ്കീർണ്ണതകൾ ബഹുഭൂരിപക്ഷം ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ കഴിയാതെ വരും. അതിനൊരു മാറ്റം ഉണ്ടാക്കാൻ കഴിയേണ്ടതുണ്ട്. അതിന് ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതികൾക്ക് ഡിപ്പാർട്ടുമെന്റ് വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. അതിന് പ്രത്യേക സഹായം നൽകുന്നുണ്ട്. പട്ടികജാതി ക്ഷേമ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കഴിഞ്ഞാൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, പദ്ധതി നിർവ്വഹണത്തിനുള്ള രൂപരേഖ തുടങ്ങിയവ നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. തീർച്ചയായും ഈ കാര്യം തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് പരമാവധി വേഗത്തിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ഇവിടെ ആവിഷ്കരിച്ചുവരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പിന്നോക്ക വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരാൻ വിദ്യാഭ്യാസപരമായ വളർച്ചയിലൂടെ മാത്രമേ കഴിയുകയുള്ളൂ. പലപ്പോഴും പട്ടികജാതിക്കാരായ കുട്ടികൾ സ്കൂളുകളിൽ പഠനം പൂർത്തിയാക്കുന്നില്ല. സ്കൂളുകളിൽ പഠനം പൂർത്തിയാക്കിയവർ കോളേജുകളിലേക്ക് പോകുന്നില്ല. ഈ വിഭാഗത്തിന് വിദ്യാഭ്യാസപരമായ വളർച്ചയുണ്ടാക്കുവാനും ജോലി ലഭിക്കുന്നതിനുംവേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ വിഭാഗങ്ങൾക്കിടയിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതി ആവിഷ്കരിക്കുന്നതുപോലെതന്നെ പ്രീ-മെട്രിക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് തുടങ്ങിയവ എല്ലാ മാസവും നൽകിവരുന്നുണ്ട്. എസ്.സി. വിഭാഗങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഫ്രീ-മെട്രിക് സ്റ്റൈപ്പന്റില്ല, ലംപ്സം ഗ്രാന്റ് മാത്രമാണുള്ളത്. ഇപ്പോൾ എല്ലാ മാസവും ലംപ്സം ഗ്രാന്റിന് പുറമെ ഫ്രീ-മെട്രിക് സ്കോളർഷിപ്പും, പ്രതിമാസ സ്റ്റൈപ്പന്റും പരിമിതമാണെങ്കിൽപ്പോലും നൽകിവരുന്നുണ്ട്. ശ്രീ. വി. പി. സജീന്ദ്രൻ സൂചിപ്പിച്ച ഇക്കാര്യത്തിൽ കൂടുതലായി എന്ത് ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഭരണഘടനയിൽ സംവരണം ഉൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരെ ഉദ്ധരിക്കാനുള്ള നിരവധി കാര്യങ്ങൾ ചെയ്തുവരുന്നു. പക്ഷെ ഇന്നും സംവരണത്തിൽ മാത്രം പരമാവധി ഒതുങ്ങി വളരെ ചുരുക്കം പേർ മാത്രമാണ് ഉയർന്നുവരുന്നത്. ഇത് മാറ്റിയെടുക്കാൻ കോളനികൾ കേന്ദ്രീകരിച്ചോ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ഉൾപ്പെടെ ചേർത്തുകൊണ്ടോ പഠനത്തോടൊപ്പം സ്കിൽ ഡെവലപ്മെന്റിന് തൊഴിൽ പരിശീലനമുൾപ്പെടെ കൊടുക്കുന്ന തരത്തിൽ, അവരെ ഏത് സമൂഹത്തെയും അഭിമുഖീകരിക്കാൻ പ്രാപ്തരാക്കിയെടുക്കുന്ന ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പഠനം നിറുത്തിയവർക്കുമുള്ള പ്രത്യേക പ്രോഗ്രാമിന് ഗവൺമെന്റ് സപ്പോർട്ട് നൽകുന്നുണ്ട്. എസ്.സി വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസ രംഗത്ത് നല്ല റിസൾട്ടും കാണുന്നുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളിൽ എന്തുചെയ്യാനാവുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, നിർധനരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ മൂന്നു സെന്റ് ഭൂമിയാണ് അനുവദിക്കുന്നത്. അത് അഞ്ച് സെന്റ് ആയി വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അതോടൊപ്പം വീട് വയ്ക്കാൻ നിലവിൽ നൽകുന്ന 2 ലക്ഷം രൂപ വളരെ അപര്യാപ്തമാണ്. ഇന്നത്തെ കാലത്ത് 2 ലക്ഷം രൂപ കൊണ്ട് വീട് പണി പൂർത്തീകരിക്കാൻ കഴിയുകയില്ല. അത് 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഡിമാന്റ് ചർച്ചയുടെ വേളയിൽ ഇക്കാര്യം സൂചിപ്പിച്ചതാണ്. 2 ലക്ഷം രൂപ എന്നുള്ളത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ 3 സെന്റ് ഭൂമി വാങ്ങുവാനാണ് സഹായം നൽകിയിരുന്നത്. എന്നാൽ 3 സെന്റ് ഭൂമി വാങ്ങുന്നതിലും കൊടുക്കുന്നതിലും പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുള്ളതിനാൽ ഈ വർഷം മുതൽ 3 സെന്റ് ഭൂമി എന്നുള്ളത് 5 സെന്റ് ഭൂമിയാക്കി മാറ്റുവാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം മുതൽ വീടിനുവേണ്ടി 3 ലക്ഷം രൂപയും 5 സെന്റ് ഭൂമിയുമായിരിക്കും ഗവൺമെന്റ് നൽകുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളെല്ലാം കൊടുക്കുന്നത് കോളനികൾ കേന്ദ്രീകരിച്ചുമാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യം കിട്ടി ഇത്ര കാലമായിട്ടും ഇവരെയൊക്കെ ഒരു സ്ഥലത്ത് മാത്രം കേന്ദ്രീകരിച്ച് സംരക്ഷിക്കുക എന്ന നിലപാടിനുപകരം കോളനികൾക്ക് പുറത്ത് താമസിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് കൂടി ആനുകൂല്യം നൽകുന്നതിനെക്കുറിച്ചുള്ള ആലോചന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമോ? കോളനി കേന്ദ്രീകൃത സമൂഹം എന്ന നിലയിൽ നിന്നും അവരെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, കോളനിവൽക്കരണം എന്നത് ഗവൺമെന്റിന്റെ പൊതുവായ സമീപനമല്ല. കോളനിക്കകത്തുള്ളവർക്ക് മാത്രം സഹായം നൽകുന്നുവെന്ന് പറയുന്നത് ശരിയല്ല. ഭൂമി വാങ്ങുമ്പോഴും വീട് വയ്ക്കുമ്പോഴുമൊക്കെ കോളനികൾ വേണമെന്ന് നിഷ്കർഷിക്കുന്നില്ലെന്ന് മാത്രമല്ല കോളനിവൽക്കരണത്തെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നില്ല എന്നുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഇവിടെ പ്രാദ്യം പ്രാദിച്ച വരൊക്കെ പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ മേഖലയ്ക്കാണ് ഊന്നൽ കൊടുത്തത്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ നിരവധി ഹോസ്റ്റലുകളുണ്ട്. ഈ ഹോസ്റ്റലുകൾ പഴയ സിസ്റ്റത്തിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. ആ ഹോസ്റ്റലുകളിലെ ട്യൂഷൻ, ഭക്ഷണത്തിനുള്ള മെനു ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു മാറ്റം വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ? മാത്രമല്ല, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി പല ഹോസ്റ്റലുകളും സന്ദർശിച്ചിരുന്നു. ഈ ഹോസ്റ്റലുകൾ പഴയ അവസ്ഥയിൽ തന്നെയാണ് നിലനിൽക്കുന്നത്. ഇത് കമ്പ്യൂട്ടർ യുഗമാണ്. കമ്പ്യൂട്ടർ കോഴ്സ് പോലുള്ള സംവിധാനങ്ങൾ കൊണ്ടുവന്ന് ഈ കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏതാണ്ട് 89 ഹോസ്റ്റലുകളുണ്ട്. അവർക്കാവശ്യമായ എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഗവൺമെന്റ് നൽകുന്നുണ്ടെങ്കിലും പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് പൂർണമായും ബ്ലോക്ക് പഞ്ചായത്തിനാണ്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാണ് ഗവൺമെന്റ് നേരിട്ട് നടത്തുന്നത്. പ്രിയദർശിനി ഹോസ്റ്റലുകൾ എസ്.സി. വകുപ്പിന്റെ കീഴിലാണ് എന്നുള്ള തരത്തിലാണ് വാർത്തകൾ വരുന്നത്. എന്നാൽ മെഡിക്കൽ കോളേജിന്റെ കീഴിലാണ് ആ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. ഏതായാലും ഹോസ്റ്റലുകളുടെ ഇന്നത്തെ അവസ്ഥ പ്രത്യേകം പരിശോധിച്ച് ആവശ്യമായവ നവീകരിക്കുന്നതിനും ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും ഗവൺമെന്റ് എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണ്.

സ്പീക്കർ: പ്രാദ്യം നമ്പർ * 633

LIBRARY ARCHIVES Kerala Legislative Assembly